Draft #2 of File 57747/AD A6-1/2022/AD A 6 Approved by Registrar on 11-Aug-2022 06:58 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 57747/AD A6-1/2022/എ ഡി എ 6 തീയതി: 11.08.2022

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- ജീവനക്കാരുടെ/പെൻഷൻകാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്)- അന്തിമ വിവര ശേഖരണം- ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന :- 1.സ.ഉ.(അച്ചടി) നം.54/2017/ധന , തീയതി. 24/04/2017
2.പരിപത്രം നം.28/2018/ധന , തീയതി. 04/04/2018
3.പരിപത്രം നം.110/2021/ധന , തീയതി. 22/11/2021
4.സ.ഉ.(അച്ചടി)നം.70/2022/ധന , തീയതി. 23/06/2022
5.സഉ.(അച്ചടി)നം.76/2022/ധന , തീയതി. 27/06/2022
6.പരിപത്രം നം.51/2022/ധന , തീയതി.01/07/2022
7.പരിപത്രം നം.68/2022/ധന , തീയതി. 06/08/2022
8.സർവകലാശാല പരിപത്രം നം.57747/AD A6-1/2022/എഡി എ6 , തീയതി. 16/04/2022

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് സൂചന (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി തുടങ്ങുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ട വിവരശേഖരണം സൂചന (3)-ലെ പരിപത്രം പ്രകാരം പുനരാരംഭിക്കുകയും, സൂചന (8)-ലെ സർവകലാശാല പരിപത്രം പ്രകാരം മെഡിസെപ് പോർട്ടലിൽ ലഭ്യമാക്കിയ ജീവനക്കരുടെയും/പെൻഷൻകാരുടെയും, അവരുടെ ആശ്രിതരുടെയും വിശദാംശങ്ങൾ പരിശോധിക്കുവാനും, ആയതിൽ തെറ്റുകൾ, തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ ഇവ ആവശ്യമായ ജീവനക്കാർ/പെൻഷൻകാർ എഡി എ6 സെക്ഷനുമായി ബന്ധപ്പെടേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

ജീവനക്കാർക്കും പെൻഷൻകാർക്കും www.medisep.kerala.gov.in എന്ന വെബ്സൈറ്റിലെ 'Status' എന്ന ഓപ്ഷനിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകിയാൽ Status Report ലഭ്യമാകുകയും, ആയതിൽ നിന്നും ജീവനക്കാരുടെയും/പെൻഷൻകാരുടെയും, അവരുടെ ആശ്രിതരുടെയും വിവരങ്ങൾ ശേഖരിക്കാവുന്നതുമാണ്. ഇപ്രകാരം തെറ്റുകളോ തിരുത്തലുകളോ ഇല്ലാത്ത വിവരങ്ങൾ അടങ്ങിയ മെഡിസെപ് ഐ.ഡി. കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനായി www.medisep.kerala.gov.in എന്ന വെബ്പോർട്ടൽ സന്ദർശിച്ച 'MEDCARD' എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്ത കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**പെൻഷൻകാർ അവരുടെ Status Report -ൽ ലഭ്യമായിട്ടുള്ള മെഡിസെപ് ഐ.ഡി. നമ്പർ User ID ആയും Password ആയി Institution Code ആയ MGUY- നോടൊപ്പം PPO Number/PEN Number(Pre Pensioner-ക്ക്) കൂടി ചേർത്ത് (ഉദാ:MGUY****) ലോഗിൻ ചെയ്യാവുന്നതാണ്.**

**ജീവനക്കാർ അവരുടെ Status Report-ൽ ലഭ്യമായിട്ടുള്ള മെഡിസെപ് ഐ.ഡി. User ID ആയും, Password ആയി Institution Code ആയ MGUY-നോടൊപ്പം PEN Number/Employee ID കൂടി ചേർത്ത് (ഉദാ:MGUY****) ലോഗിൻ**

Draft #2 of File 57747/AD A6-1/2022/AD A 6 Approved by Registrar on 11-Aug-2022 06:58 PM - Page 2

**ചെയ്യാവുന്നതാണ്.**

എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ചികിത്സക്കായി എത്തുന്ന മെഡിസെപ് ഗുണഭോക്താക്കൾ പ്രസ്തുത ആശുപത്രിയിലെ ഇൻഷ്വറൻസ് ഹെൽപ് ഡെസ്കുമായോ, ഇൻഷ്വറൻസ് കമ്പനിയുടെ ടോൾ ഫ്രീ നമ്പറുമായോ (1800-425-0237) ബന്ധപ്പെട്ട് മെഡിസെപ് ഗുണഭോക്താവാണെന്ന വിവരം അധികൃതരെ അറിയിക്കേണ്ടതാണ്. കൂടാതെ, ആശുപത്രികളിലെത്തുന്ന മെഡിസെപ് ഗുണഭോക്താക്കൾ നിർബന്ധമായും മേൽ സൂചിപ്പിച്ചപ്രകാരം ഡൗൺലോഡ് ചെയ്തെടുത്ത മെഡിസെപ് ഐ.ഡി കാർഡും (ആശ്രിതർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ അടങ്ങിയത്), ഏതെങ്കിലും ഒരു ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും (Aadhaar card, PAN card, Voter's ID card, Driving Licence, Employee ID, Ration card, Bank Pass Book etc.) ഹാജരാക്കേണ്ടതാണ്. കൃത്യമല്ലാത്ത മെഡിസെപ് ഐ.ഡി. കാർഡോ/ആശ്രിതരുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്ത കാർഡുമായോ ചികിത്സക്കായി മെഡിസെപ് പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രിയെ സമീപിക്കുന്ന ജീവനക്കാർക്ക്/ പെൻഷൻകാർക്ക് ടി ആനുകൂല്യം ലഭിക്കുകയില്ല. ആയതിനാൽ മെഡിസെപ് വിവര ശേഖരണത്തിന്റെ അവസാനഘട്ടം എന്ന നിലയിൽ ജീവനക്കാർ/പെൻഷൻകാർ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1)ജീവനക്കാർ/പെൻഷൻകാർ, അവരുടെ ആശ്രിതർ എന്നിവർ മെഡിസെപ് പദ്ധതിയിലുള്ള ചികിത്സകൾക്കായി ആശുപത്രികളെ സമീപിക്കുന്നതിന് മുൻപായി അവരുടെ മെഡിസെപ് ഐ.ഡി. കാർഡ് ഡൗൺലോഡ് ചെയ്യേണ്ടതും, ടി കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ (ആശ്രിതരുൾപ്പെടെയുള്ളവരുടെ) കൃത്യമാണോ എന്ന് പരിശോധിക്കേണ്ടതുമാണ്.

2) പരിശോധനയിൽ കാർഡിലെ വിവരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ ആയത് **17/08/2022-**ന മുൻപായി ജീവനക്കാർ/പെൻഷൻകാർ എഡി എ 6 സെക്ഷനെ സമീപിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി വെരിഫൈ ചെയ്തുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഈ തീയതിക്ക് ശേഷം സ്റ്റാറ്റസ് റിപ്പോർട്ടിൽ വരുത്തുന്ന തിരുത്തലുകൾ മെഡിസെപ് ഐ.ഡി കാർഡിൽ പ്രതിഫലിക്കുന്നതല്ല.ഇപ്രകാരം വരുത്തുന്ന പിഴവുകൾക്ക് ജീവനക്കാർ / പെൻഷൻകാർ ഉത്തരവാദികളായിരിക്കുന്നതാണ്.

3)നാളിതുവരെ മെഡിസെപ്പിൽ അംഗമാകാത്ത ജീവനക്കാർ/ പെൻഷൻകാർ/ ഫാമിലി പെൻഷൻകാർ ഇതൊരവസരമായി കണക്കാക്കി **17/08/2022** തീയതിക്ക് മുൻപായി അപേക്ഷ എഡി എ6 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്

4)മെഡിസെപ് ഐ.ഡി കാർഡിൽ പേരുൾപ്പെടുത്തിയവർക്ക മാത്രമേ പദ്ധതിയിൽ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി എംപാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സാ സൗകര്യം ലഭിക്കുകയുള്ളൂ. മെഡിസെപ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന Status Report-ന്റെ അടിസ്ഥാനത്തിൽ ആശുപത്രികളിൽ ചികിത്സ ലഭ്യമാകുകയില്ല.

5)മെഡിസെപ്പിൽ അംഗമാവാതെ, ശമ്പളത്തിൽ നിന്ന് പ്രീമിയം കിഴിവ് ചെയ്തത് ആനുകൂല്യം ലഭിക്കുവാനുള്ള അർഹതയായി കണക്കാക്കാൻ കഴിയുന്നതല്ല.

6)മെഡിസെപ് സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് എന്തെങ്കിലും പരാതികൾ ഉണ്ടാകുന്ന പക്ഷം സൂചന (5)-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം മെഡിസെപ് വെബ്സൈറ്റിലെ 'Grievance' ലിങ്ക് മുഖേനയോ, ഇൻഷ്വറൻസ് കമ്പനിയുടെ ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെട്ടോ പരാതി സമർപ്പിക്കാവുന്നതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1.എല്ലാ സെക്ഷനുകൾ / സ്കൂളുകൾ / ഡിപ്പാർട്ട്മെന്റുകൾ

2.വൈസ് ചാൻസിലർ , പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ

4.ജോയിന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം / അക്കാദമിക്/ പരീക്ഷ/ ധനകാര്യം )

5.കണ്ടൻറ് മാനേജ്മെന്റ് / റെക്കോർഡ്സ് സെക്ഷൻ

6.പി.ആർ.ഒ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്

7.സ്റ്റോക്ക് ഫയൽ/ നോട്ടീസ് ബോർഡ്

Draft #2 of File 57747/AD A6-1/2022/AD A 6 Approved by Registrar on 11-Aug-2022 06:58 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം